**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7826. 15.07.2014 ൽ മറുപടിയ്ക്ക്.

<u>വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാൻ പദ്ധതി</u>

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാനായി മോട്ടോർ വാഹന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാസമയത്തും നിബന്ധനകൾ പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധനയ്ക്കുള്ള നടപടികളും സ്വീകരിയ്ക്കുന്നുണ്ട്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ ബസ്സുകളുടെ പരിശോധന നടത്തുകയും ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 24/06/2014 ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലോട്ടുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ട ഒട്ടേറെ കാര്യങ്ങളിൽ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; | | |

| | | | |
|---|---|---|---|
| | | | 1. വിദ്യാർത്ഥികൾ റോഡപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനും, റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കുന്നതിനുമായി ജില്ലാതലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സേഫ്റ്റി കമ്മിറ്റികൾ രൂപീകരിക്കണം. റോഡ് സുരക്ഷാ കൗൺസിൽ അംഗങ്ങൾ, ജില്ലാ ട്രാഫിക് ഉപദേശക കമ്മിറ്റി, എന്നിവയോടൊപ്പം ഇൻസ്റ്റിറ്റ്യൂഷൻ തലവന്മാർ, ജില്ലാ പഞ്ചായത്ത്, റസിഡന്റ്സ് അസോസിയേഷൻ, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്സ് എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ജില്ലാതല യോഗം സമയബന്ധിതമായി വിളിച്ചു ചേർക്കണം . ഓരോ ജില്ലയിലും സൗകര്യമുള്ള ദിവസം യോഗം വിളിക്കുവാനായി നിർദ്ദേശം നൽകണം . ആർ.ടി.ഒ. കൺവീനറും ജില്ലാ കളക്ടർ ചെയർമാനും ആയിരിക്കണം. കോർപ്പറേഷനിൽ മേയറുടെ കീഴിലും മുനിസിപ്പാലിറ്റിയിൽ ചെയർമാന്റെ കീഴിലും പഞ്ചായത്തിൽ പ്രസിഡന്റിന്റെ കീഴിലും യോഗം ചേർന്ന് താഴെത്തട്ടിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. അതിനായി സമയബന്ധിതമായി താലൂക്ക് തലത്തിൽ യോഗം വിളിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല യോഗങ്ങൾ നടന്നുവരികയാണ്.<br>2. സ്കൂളുകളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് രാവിലെ 08-30 മുതൽ 09-30 വരെയും വൈകിട്ട് 03-30 മുതൽ 04-30 വരെയും വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിക്കണം. |

| | | | |
|---|---|---|---|
| | | | 3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കാൻ ശ്രമിക്കണം. ഇതിനു വേണ്ടി സ്പോൺസർമാരെ കണ്ടെത്തുന്ന കാര്യത്തിലും ഡിസൈൻ ഉണ്ടാക്കുന്ന കാര്യത്തിലും മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കണം.<br>4. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും ഒരു വോളന്റിറി നോഡൽ ഓഫീസറെയും അദ്ദേഹത്തിന്റെ കീഴിൽ ഒരു ടീമിനെയും നിയോഗിക്കണം.<br>5. ഓരോ ജില്ലയിലും ഒരു ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.<br>6. സ്കൂൾ വാഹന ഡ്രൈവർമാരുടെ താഴ്ന്ന പ്രായപരിധി 25 വയസ്സാക്കുന്നതിനും, കൂടാതെ 5 വർഷത്തെ ഡ്രൈവിംഗ് പരിചയം നിർബന്ധമാക്കിക്കൊണ്ടും നിലവിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തണം.<br>7. സ്കൂൾ വാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നൽകുന്നതിന് ഓരോ വാഹനത്തിന്റെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെയും പട്ടിക തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. |
| (സി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | മോട്ടോർവാഹന വകുപ്പിനെ കൂടാതെ പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഭരണതലത്തിൽ ഇതിനായി പ്രത്യേകം ക്രമീകരണങ്ങൾ ഒന്നും വേണ്ടിവരുന്നില്ല. |

സെക്ഷൻ ഓഫീസർ.